(ബി) സംസ്ഥാനത്തെ 30000 യുവതീയുവാക്കൾക്കാണ് 2014-15 വർഷത്തിൽ തൊഴിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച 118 കോടി അടങ്കലിന്റെ 75% കേന്ദ്രസർക്കാരും 25% സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്.

(ഡി) 2014-15 വർഷത്തിൽ സംസ്ഥാനത്തെ 30000 യുവതീയുവാക്കൾക്ക് അവരുടെ അഭിരുചിയുടെയും വിദ്യാഭ്യാസയോഗ്യതയുടെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകി തൊഴിൽ നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിലേക്ക് 118 കോടി അടങ്കലുള്ള പദ്ധതി കേന്ദ്ര ഗ്രാമവികസന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയുടെ നടത്തിപ്പിലേക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. പദ്ധതി ഏകോപനത്തിനും വിലയിരുത്തലിനും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് യുവതീയുവാക്കളുടെ അയൽക്കൂട്ടതല വിവരശേഖരണം നടത്തിവരുന്നുണ്ട്. പദ്ധതിയുടെ ജില്ലാതല അവതരണവുമായി ബന്ധപ്പെട്ട് ജില്ലാതല കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം നടന്നുവരുന്നു. പദ്ധതിയുടെ പഞ്ചായത്തുതല പ്രവർത്തനങ്ങൾക്കുവേണ്ടി പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തുകയും അവരുടെ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കാൻ മാനദണ്ഡം

215 (7514) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കാൻ നിലവിലുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മാനദണ്ഡങ്ങൾ മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണ് പുതിയ മാനദണ്ഡങ്ങൾ എന്നറിയിക്കുമോ ;

(സി) കുടുംബശ്രീ മുഖേന എത്രരൂപയുടെ ബാങ്ക് വായ്പകൾ ആണ് ലഭിക്കുന്നത് ; ഇതിന് എന്തെല്ലാമാണ് വ്യവസ്ഥകൾ എന്നറിയിക്കുമോ ;

(ഡി) ഈ ബാങ്ക് വായ്പാത്തുക വെട്ടിച്ചുരുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുപ്രകാരം എത്ര രൂപയുടെ വായ്പയാണ് ലഭിക്കുന്നത് എന്നും എന്തെല്ലാമാണ് വായ്പാ വ്യവസ്ഥകൾ എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബശ്രീ യൂണിറ്റ് എന്നത് കുടുംബശ്രീ അയൽക്കൂട്ടം, സംരംഭ യൂണിറ്റ്, ജെ.എൽ.ജി. എന്നിവയാണ്. ഇതിൽ അയൽക്കൂട്ടം എന്നത് കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ അടിസ്ഥാന ഘടകമാണ്. അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിലവിലുണ്ട്:

- ഒരു പ്രദേശത്തെ അടുത്തടുത്ത കുടുംബങ്ങളിൽനിന്നും 18 വയസ്സ് പൂർത്തിയായ 10 മുതൽ 20 വരെ അംഗങ്ങൾ ചേർന്ന് അയൽക്കൂട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.
- ഒരു കുടുംബത്തെ പ്രതിനീധീകരിച്ച് ആ കുടുംബത്തിലെ ഒരു വനിതാ അംഗത്തിനാണ് അയൽക്കൂട്ടത്തിൽ അംഗത്വം നൽകുന്നത്.
- ഇപ്രകാരം രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾ എ.ഡി.എസ്. മുഖേന സി.ഡി.എസ്സിൽ രജിസ്ട്രേഷൻ നടത്തി അഫിലിയേറ്റ് ചെയ്തിരിക്കണം.

ഇപ്രകാരം രൂപീകരിക്കുന്ന അയൽക്കൂട്ടങ്ങൾ ചേർന്ന് ഒരു വാർഡിൽ ഒരു എ.ഡി.എസ്. രൂപീകരിക്കുന്നതും വാർഡുകൾ സംയോജിപ്പിച്ചുകൊണ്ട് തദ്ദേശഭരണ തലത്തിൽ സി.ഡി.എസ്. രൂപീകരിക്കുന്നതുമാണ്.

ഒരു അയൽക്കൂട്ടത്തിൽ നിന്നോ ഒന്നിലധികം അയൽക്കൂട്ടങ്ങളിൽ നിന്നോ ഉള്ള അംഗങ്ങൾ ചേർന്ന് രൂപീകരിക്കുന്ന പ്രത്യേക ഗ്രൂപ്പുകളാണ് കുടുംബശ്രീ സംരംഭ യൂണിറ്റുകളും ജെ.എൽ.ജി.കളും.

കൂടാതെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിതർ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങളിൽ സി.ഡി.എസ്. തലത്തിൽ വിരലിലെണ്ണാവുന്ന ജനസംഖ്യ യുള്ളവരും ആവാസം അകലെ വിന്യസിക്കപ്പെടുന്ന രീതിയിലുള്ളവരും ആകുന്നപക്ഷം 10-ൽ കുറവ് അംഗങ്ങളുണ്ടെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി. എയ്ഡ്സ് ബാധിതർ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങളിൽമാത്രം 10-ൽ കുറവ് അംഗങ്ങളുണ്ടെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിന് കുടുംബശ്രീ ബൈലോയിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രൂപീകരണശേഷം ആറുമാസം കഴിഞ്ഞ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ബാങ്ക് ലിങ്കേജ് വായ്പ ലഭ്യമാകുന്നത്. ഇപ്രകാരം ബാങ്ക് വായ്പ ലഭ്യമാകുന്നതിന് ബാങ്കുകൾ നടത്തുന്ന ഗ്രേഡിംഗിൽ 80% മാർക്ക് വാങ്ങി അയൽക്കൂട്ടം ഗ്രേഡിംഗ് പാസാകണം. ഗ്രേഡിംഗ് പാസാകുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ ആകെ സമ്പാദ്യത്തിന്റെ നാലിരട്ടിവരെ ബാങ്ക് വായ്പ ലഭ്യമാകും. ആയതിനാൽ, ബാങ്ക് വായ്പയ്ക്ക് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല.

കുടുംബശ്രീയുടെതന്നെ അയൽക്കൂട്ട അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിക്കുന്ന മൈക്രോ സംരംഭയൂണിറ്റുകൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും (ജെ.എൽ.ജി.) ഗ്രൂപ്പുകളുടെ ആവശ്യത്തിന് അനുസരിച്ചും അവർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് ബാങ്കുകൾ വായ്പ ലഭ്യമാക്കുന്നത്.

(ഡി) കുടുംബശ്രീ യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന ബാങ്ക് വായ്പ വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടില്ല.

വീ-കെയർ പദ്ധതിയുടെ നടത്തിപ്പ്

216 (7515) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീ-കെയർ പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തത് ; ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും ?

ഉത്തരം

വീ-കെയർ പദ്ധതിയിലൂടെ ധനസമാഹരണം നടത്തുന്നതിന് ധനസമാഹരണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് ദേശീയ തലത്തിൽ Expression of Interest ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളിൽ നൽകിയിട്ടുണ്ട്. ടെൻഡറിംഗ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

വീ-കെയർ വോളന്റിയർ കോർ

217 (7516) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീ-കെയർ വോളന്റിയർ കോർ-ന്റെ ആദ്യഘട്ടമായി 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിവരിക്കാമോ ;

(ബി) ഒന്നാംഘട്ടം നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly